Page 1 of 1

റഫറണ്ടം എടുത്തു. അതു് തൊഴിലാളികൾക്കു് എതിരായാണോ എന്നു് നോക്കാനുള്ള അധികാരം ഗവണ്മെൻറിനും മിനിസ്റ്റർമാർക്കുമിരിക്കെ ഇങ്ങനെ എന്നെ ദുഷ്യപ്പെടുത്തുന്ന രീതിയിൽ ലററർ വായിച്ചു് റെസ്പോൺസിബിലിററി കളഞ്ഞു.

മി. സ്പീക്കർ: നേരത്തെ പറഞ്ഞതിൻെറ ട്രാൻസിലേഷനാണോ ഇതു് ?

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): സർ, ശ്രീമാൻ ഗണപതി നടത്തിയ നിരീക്ഷണത്തെപ്പററി എനിക്കൊന്നും പറയാനില്ല. സൂട്ടർ സായ്പിനെ ഭയപ്പെടാനോ ഭയപ്പെടാതിരിക്കാനോ കാരണമില്ല. എഴുത്തു് സൂട്ടർസായ്പ് എഴുതി അയച്ചതാണു്. എൻെറ അഭിപ്രായമൊന്നും അതിലില്ല. ആ എഴുത്തിൽ ശ്രീ. ഗണപതി എന്തോ ഡിമാൻഡുചെയ്തു, അതായതു് ഒൻപതു ശതമാനം ബോണസ് വേണമെന്നോ മററോ. ആ കാര്യം മാറു യൂണിയൻ നേതാക്കന്മാരുടെ നിർദ്ദേശപ്രകാരം അംഗീകരിക്കാൻസാദ്ധ്യമല്ലെന്നു് എഴുതിയിരുന്നു. ശ്രീ ഗണപതിയെപ്പററി വേറെ ഒന്നും എഴുത്തിൽ പറഞ്ഞിരുന്നില്ല. എന്നാലും ഇങ്ങനെയുള്ള തർക്കമുള്ള സ്ഥിതിക്കു് വിശദീകരണം വേണമെങ്കിൽ ശ്രീ. ഗണപതിക്കു മാത്രമായിരിക്കും അതിൻെറ ആവശ്യം—അതു ഞാൻ തരാൻ തയ്യാറാണു്.

ശ്രീ. കെ. ടി. ജേക്കബ്ബ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ വേറെ ചില യൂണിയനുകൾ അവിടെ ബോണസ് കൂട്ടികൊടുക്കേണ്ട എന്നു പറഞ്ഞതായി ...............

മി. സ്പീക്കർ: ശ്രീ. ഗണപതി പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുത്തതാണു്. അതിനെ സംബന്ധിച്ചു് ഇനി വിശദീകരണമൊന്നും ആവശ്യമില്ല.

ശ്രീ. കെ. ടി. ജേക്കബ്ബ്: മന്ത്രി പരസ്യമായി പറഞ്ഞതാണു്. മററു യൂണിയനുകൾ പറഞ്ഞു എന്നു പറയുമ്പോൾ ഇൻസിനുവേഷനാണു്.

മി. സ്പീക്കർ: ഇൻസിനുവേഷൻ ഉണ്ടോ എന്നു പരിശോധിച്ചുനോക്കട്ടെ.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേററു നില്ക്കുമ്പോൾ ഒരു മെമ്പർക്കു് എഴുന്നേററു നിൽക്കാമോ; പല പ്രാവശ്യവും അങ്ങനെ കാണുന്നതുകൊണ്ടാണു് പറയുന്നതു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജേക്കബ്ബ് മാത്രമല്ല പല മെമ്പറന്മാരും ഇങ്ങനെ എഴുന്നേററുനിൽക്കുന്നതു് ഞാൻ നോട്ടുചെയ്യുന്നുണ്ടു്. സാധാരണനിലയിൽ പുതിയ മെമ്പറന്മാരായതുകൊണ്ടു് അത്രത്തോളം പരിചയമില്ലാത്തതുകൊണ്ടു് ഞാൻ പലപ്പോഴും ഗൗനിക്കാതിരിക്കയാണു്. എന്നിരുന്നാലും, ഇതു ശരിയാണെന്നു തോന്നുന്നില്ല. സ്പീക്കർ എഴുന്നേററുനിൽക്കുമ്പോൾ അംഗങ്ങൾ എഴുന്നേററുനിൽക്കുന്ന പ്രവണത ശരിയല്ല.

## 3. CALLING ATTENTION UNDER RULE 61.

### Lock-out of the Baliapattom Tile Company

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, എൻെറ നിയോജകമണ്ഡലത്തിൽ വളരെ ഗൗരവതരമായ ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണു്. അവിടെ അതായതു് പയ്യന്നൂരിലെ ബലിയപട്ടം ടൈൽ വർക്സിലെ തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾ അനുവദിച്ചുകിട്ടുന്നതിനുവേണ്ടി കുത്തിയിരുപ്പുസത്യഗ്രഹം നടത്തിക്കൊണ്ടിരിക്കുകയാണു്. കമ്പനി മാനേജ്മെൻറു് അനാവശ്യമായി കമ്പനി ലാക്കൌട്ടുചെയ്തതുമൂലമാണു് ഈ പരിതഃസ്ഥിതി സംജാതമായതു്. ഇതിൻെറ ഫലമായിട്ടു് 300-ഓളം വരുന്ന തൊഴിലാളികൾ ഇന്നു് യാതൊരു നിവൃത്തിയുമില്ലാതെ കുത്തിയിരുപ്പുസത്യഗ്രഹം തുടർന്നുവരികയാണു്. അതുകൊണ്ടു് പത്തുമുന്നൂറിൽപ്പരം വരുന്ന കുടുംബങ്ങൾ കഴിഞ്ഞ 10 ദിവസത്തോളമായി അങ്ങേയററം

LIBRARY ARCHIVES Kerala Legislative Assembly